**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1121** **31-01-2024 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിയുടെ വൈദ്യുതി ചാർജ് കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജല അതോറിറ്റി വൈദ്യുതി ചാർജ് ഇനത്തിൽ വൻ തുക കുടിശ്ശിക നൽകാനുള്ളതിനാൽ വൈദ്യുതി ബോർഡിന് പ്രതിമാസം നിശ്ചിത തുക വീതം നൽകുന്നതിനായി എസ്ക്രോ അക്കൗണ്ട് തുടങ്ങുവാൻ ധനകാര്യ വകുപ്പിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അപ്രകാരം ജല അതോറിറ്റി എസ്ക്രോ അക്കൗണ്ട് തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പ്രതിമാസം നിശ്ചിത തുക വൈദ്യുത ചാർജ് നൽകുന്നതിന് വേണ്ടി കേരള വാട്ടർ അതോറിറ്റിയും വൈദ്യുതി ബോർഡും (KSEBL) തമ്മിൽ ഒരു എസ്ക്രോ സംവിധാനം ആരംഭിക്കുവാൻ 31/10/2023 ലെ GO(Rt)No.7599/2023/FIN പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിൽ പ്രകാരം കേരള വാട്ടർ അതോറിറ്റി മാസംതോറും 9.50 കോടി രൂപ എസ്ക്രോ അക്കൗണ്ട് സംവിധാനം വഴി KSEBL ന് നൽകുവാൻ സമ്മതം അറിയിച്ചിട്ടുണ്ട്. ആയത് അന്തിമ തീരുമാനം ആയിട്ടില്ല. |
| (ബി) | നിലവിൽ ജല അതോറിറ്റി വൈദ്യുതി ബോർഡിന് നൽകാനുള്ള കുടിശ്ശിക തുക എത്രയാണ്; ജല അതോറിറ്റിയുടെ പ്രതിമാസ വരുമാനത്തിന്റെ എത്ര ശതമാനമാണ് ഇപ്പോൾ മാസം തോറും കുടിശ്ശിക അടയ്ക്കാൻ ഉപയോഗപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | 31/12/2023 വരെ ജല അതോറിറ്റി വൈദ്യുതി ബോർഡിന് നൽകുവാനുള്ള വൈദ്യുത ചാർജ് കുടിശ്ശിക 1718.02 കോടി രൂപയാണ്. വാട്ടർ ചാർജ് ഇനത്തിൽ ജല അതോറിറ്റിയുടെ ശരാശരി മാസ വരുമാനം 92.75 കോടി രൂപയാണ്. ഇതിൽ നിന്ന് ഒക്ടോബർ മാസത്തിൽ 8.01 കോടി രൂപയും നവംബർ മാസത്തിൽ 8.80 കോടി രൂപയും വൈദ്യുത ചാർജ് ഇനത്തിൽ KSEBL ന് നൽകി. ജല അതോറിറ്റി അതിന്റെ ആരംഭ കാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിച്ചു വരുന്നത്. തനത് വർഷത്തെ നോൺ പ്ലാൻ ഇനത്തിൽ 357 കോടി ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 45.93 കോടി രൂപ ഇതിനോടകം നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ ജല അതോറിറ്റി മാസവരുമാനത്തിന്റെ 10% മാണ് വൈദ്യുതി ബോർഡിന് എസ്ക്രോ സംവിധാനം വഴി നൽകുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ